**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3250** **04-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ മാനസികാരോഗ്യകേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ സർക്കാർ മാനസികാരോഗ്യകേന്ദ്രത്തിൽ ഒഴിഞ്ഞു കിടക്കുന്ന സെക്യൂരിറ്റി, സർജന്റ് എന്നീ സ്ഥിരം തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സെക്യൂരിറ്റി സർജന്റ് തസ്തികകളുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | തൃശ്ശൂർ സർക്കാർ മാനസികാരോഗ്യകേന്ദ്രത്തിൽ മുന്നൂറ്റി അൻപതിൽ പരം അന്തേവാസികൾ ഉള്ള സാഹചര്യം കണക്കിലെടുത്ത് ഡയറ്ററി യൂണിറ്റിൽ വർഷങ്ങൾക്കുമുമ്പ് അബോളിഷ് ചെയ്ത കുക്കിന്റെ ആറ് തസ്തികകൾ പുനഃസ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ പരിഗണനയില്ല. |
| (സി) | മാനസികരോഗികളുടെ പുനരധിവാസത്തിന് മുഖ്യപങ്കുവഹിക്കുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നീ തസ്തികകൾ ഒന്നു വീതം മാത്രമാണ് പ്രസ്തുത സ്ഥാപനത്തിൽ ഉള്ളത് എന്നത് പരിഗണിച്ചും മുന്നൂറ്റി അമ്പതോളം അന്തേവാസികൾ ഉള്ള പ്രസ്തുത സ്ഥാപനത്തിൽ മേൽപ്പറഞ്ഞ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ജോലിഭാരം വളരെ കൂടുതലാണ് എന്നതിനാലും, പഠന വൈകല്യ അസ്സെസ്മെന്റിനും മെഡിക്കൽ ബോർഡിനും മേൽപറഞ്ഞ തസ്തികയിലുള്ളവരാണ് മേൽനോട്ടം വഹിക്കേണ്ടത് എന്നത് കണക്കിലെടുത്തും പ്രസ്തുത തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ പരിഗണനയില്ല. |
| (ഡി) | ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നീ മൂന്ന് മനസിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തിക നിലവിലുണ്ടെങ്കിലും നിലവിൽ തൃശ്ശൂർ മാനസികാരോഗ്യകേന്ദ്രത്തിൽ മാത്രമാണ് ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ ജീവനക്കാരൻ ഉള്ളത് എന്നതും തിരുവനന്തപുരം- | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകെ ഉള്ള രണ്ട് ഒഴിവിൽ ഒരെണ്ണം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരെണ്ണം റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്കുപ്പേഷണൽ തെറാപ്പി തസ്തിക ഒഴിഞ്ഞുകിടക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| (ഇ) | പ്രസ്തുത തസ്തികയുടെ നിലവിലുള്ള റാങ്ക് ലിസ്റ്റ് കാലാവധി കഴിഞ്ഞതിനാൽ പുതിയ നിയമനങ്ങൾ നടത്തുന്നതിനായി ഒഴിവുകൾ പി.എസ്സ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടിയെടുക്കുമോ; അല്ലെങ്കിൽ താൽക്കാലിക നിയമനം നടത്തുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകെ ഉള്ള രണ്ട് ഒഴിവിൽ ഒരെണ്ണം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരെണ്ണം റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ